FREE TOOL · FULL SETUP GUIDE · v1.0

REMITTANCE RATE RADAR

ഗൾഫിൽ നിന്ന് നാട്ടിലേക്ക് കാശ് അയക്കുന്നതിന് മുമ്പ്, ഇന്ന് നല്ല ദിവസമാണോ എന്ന് അറിയാം.

ഈ ടൂൾ ചെയ്യുന്നത്:

- Claude നിങ്ങളുടെ Chrome-ൽ Wise, Western Union, LuLu, GCC, Remitly, Al Ansari എന്നിവയുടെ ലൈവ് AED → INR റേറ്റ് എടുക്കും.
- ഇന്നത്തെ റേറ്റ് കഴിഞ്ഞ 30 ദിവസവുമായി താരതമ്യം ചെയ്യും.
- 🟢 / 🟡 / 🔴 എന്ന ഒറ്റനോട്ട റിസൾട്ടും, ഏത് സർവീസിലാണ് ഇന്ന് ഏറ്റവും നല്ല റേറ്റ് എന്നതും മലയാളത്തിൽ റിപ്പോർട്ടായി തരും.
- ഭാവി പ്രവചിക്കില്ല. ഇന്നും കഴിഞ്ഞ ദിവസങ്ങളും മാത്രം.

⬇ DOWNLOAD THE SKILL

remittance-rate-radar.zip · ഇവിടെ ക്ലിക്ക് ചെയ്ത് ഡൗൺലോഡ് ചെയ്യൂ (ഫ്രീ)

`shakirc.com/downloads/remittance-rate-radar.zip`

STEP 1–4	EVERY DAY	COST
ഇൻസ്റ്റാൾ ചെയ്യാൻ 5 മിനിറ്റ്	ഒറ്റ മെസേജ്, 1 മിനിറ്റിൽ റിപ്പോർട്ട്	ടൂൾ ഫ്രീ. Claude അക്കൗണ്ട് വേണം

SETUP

ആദ്യം ഇത് വേണം

- Google Chrome ബ്രൗസർ ഉള്ള കമ്പ്യൂട്ടർ (Mac / Windows)
- Claude അക്കൗണ്ട് (claude.ai). Claude in Chrome നിങ്ങളുടെ പ്ലാനിൽ ലഭ്യമാണെന്ന് `claude.ai/chrome` -ൽ നോക്കി ഉറപ്പാക്കുക.
- മുകളിലെ ബട്ടണിൽ നിന്ന് ഡൗൺലോഡ് ചെയ്ത `remittance-rate-radar.zip` (unzip ചെയ്യേണ്ട ആവശ്യമില്ല)

ഇൻസ്റ്റാൾ ചെയ്യുന്ന വിധം

1 **Claude in Chrome എക്സ്റ്റൻഷൻ ഇടുക**
Chrome-ൽ `claude.ai/chrome` തുറന്ന് എക്സ്റ്റൻഷൻ ഇൻസ്റ്റാൾ ചെയ്യുക. അതേ Claude അക്കൗണ്ടിൽ സൈൻ ഇൻ ചെയ്യുക.

2 **Code execution ഓൺ ആക്കുക**
claude.ai → `Settings` → `Capabilities` → "Code execution and file creation" ഓൺ ചെയ്യുക. (Skills ഉപയോഗിക്കാൻ ഇത് വേണം.)

3 **Skill അപ്‌ലോഡ് ചെയ്യുക**
അതേ പേജിൽ `Skills` → `Upload skill` → ഡൗൺലോഡ് ചെയ്ത `remittance-rate-radar.zip` തിരഞ്ഞെടുക്കുക. ലിസ്റ്റിൽ "remittance-rate-radar" ഓൺ ആണെന്ന് ഉറപ്പാക്കുക.

4 **ടെസ്റ്റ് ചെയ്യുക**
Claude-ൽ ഒരു പുതിയ ചാറ്റ് തുറന്ന് താഴെയുള്ള മെസേജ് അയക്കുക. ആദ്യ തവണ Chrome-ൽ സൈറ്റുകൾ തുറക്കാൻ അനുമതി ചോദിച്ചാൽ **Allow** കൊടുക്കുക.

> Remittance rate radar റൺ ചെയ്യൂ. 2000 AED.

Claude Code ഉപയോഗിക്കുന്നവർക്ക്: zip unzip ചെയ്ത് `remittance-rate-radar` ഫോൾഡർ `~/.claude/skills/` -ലേക്ക് ഇടുക. Claude in Chrome കണക്ട് ആയിരിക്കണം.

HOW TO USE

എല്ലാ ദിവസവും ഉപയോഗിക്കാൻ

കാശ് അയക്കുന്നതിന് മുമ്പ് ഇതിൽ ഒന്ന് Claude-ന് അയക്കുക:

> Remittance rate radar റൺ ചെയ്യൂ. 3500 AED.

> Rate radar നോക്കൂ. ടാർഗറ്റ് 26.00. റിപ്പോർട്ട് Gmail draft ആയി വേണം.

തുക പറഞ്ഞില്ലെങ്കിൽ 2,000 AED എടുക്കും. ടാർഗറ്റ് റേറ്റ് കൊടുത്താൽ ഏറ്റവും നല്ല റേറ്റ് അവിടെ എത്തിയാൽ 🔔 കാണിക്കും. Gmail draft വേണമെങ്കിൽ Claude-ൽ Gmail കണക്ട് ചെയ്തിരിക്കണം.

റിപ്പോർട്ട് എങ്ങനെ വായിക്കാം

🟢 ഇന്ന് നല്ല ദിവസം	ഇന്നത്തെ റേറ്റ് 30 ദിവസത്തെ ശരാശരിക്ക് മുകളിലാണ്, റേഞ്ചിന്റെ മുകൾ ഭാഗത്തും.
🟡 ശരാശരിക്ക് മുകളിൽ	ശരാശരിയേക്കാൾ കൂടുതലാണ്, പക്ഷേ 30 ദിവസത്തെ ഏറ്റവും നല്ല നിലയിൽ അല്ല.
🔴 ശരാശരിക്ക് താഴെ	ഇന്നത്തെ റേറ്റ് 30 ദിവസത്തെ ശരാശരിയേക്കാൾ കുറവാണ്. അത്യാവശ്യമല്ലെങ്കിൽ ഓരോ ദിവസവും റേറ്റ് നോക്കി തീരുമാനിക്കാം.

ഉദാഹരണം: 05 NOV 2026, 5:09 PM GST-ലെ യഥാർത്ഥ റിപ്പോർട്ട്

🔴 കഴിഞ്ഞ 30 ദിവസത്തെ ശരാശരിയേക്കാൾ താഴെ

mid-market ₹25.71 · 30d low ₹25.69 · avg ₹25.94 · high ₹26.37

2,000 AED: ശരാശരിയേക്കാൾ ₹450 കുറവ്

Western Union	₹25.732 · ₹51,464
LuLu Exchange	₹25.69 · ₹51,380
GCC Exchange	₹25.661 · ₹51,322
Remitly PROMO · ആദ്യ ട്രാൻസ്ഫർ	₹25.84 · ₹51,680
Al Ansari	ലഭ്യമല്ല

IMPORTANT

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഭാവി പ്രവചനം ഇല്ല. റേറ്റ് നാളെ കൂടുമോ കുറയുമോ എന്ന് ഈ ടൂൾ പറയില്ല. ഇന്നത്തെ റേറ്റ് കഴിഞ്ഞ 30 ദിവസവുമായി താരതമ്യം ചെയ്യുക മാത്രം.
- ഫീസ് ഉൾപ്പെടുത്തിയിട്ടില്ല. മിക്ക സർവീസുകളും ഫീസ് ആപ്പിനുള്ളിൽ മാത്രമേ കാണിക്കൂ. അയക്കുന്നതിന് മുമ്പ് ആപ്പിൽ ഫൈനൽ തുക നോക്കുക.
- PROMO റേറ്റ് സാധാരണയായി പുതിയ കസ്റ്റമറുടെ ആദ്യ ട്രാൻസ്ഫറിന് മാത്രം.
- റേറ്റുകൾ ഓരോ മിനിറ്റിലും മാറും. റിപ്പോർട്ടിലെ സമയം നോക്കുക.
- ഒരു സൈറ്റ് റേറ്റ് കാണിച്ചില്ലെങ്കിൽ "ലഭ്യമല്ല" എന്ന് കാണിക്കും. പഴയ നമ്പർ ഊഹിച്ച് ഇടില്ല.
- 30 ദിവസത്തെ ചരിത്രം Wise-ന്റെ mid-market സ്റ്റാറ്റ്സിൽ നിന്നാണ്.

സംശയങ്ങൾ

"Chrome കണക്ട് അല്ല" എന്ന് വന്നാൽ?	Chrome തുറന്നിട്ടുണ്ടോ, Claude എക്സ്റ്റൻഷൻ അതേ അക്കൗണ്ടിൽ സൈൻ ഇൻ ആണോ എന്ന് നോക്കി വീണ്ടും ട്രൈ ചെയ്യുക.
ഫോണിൽ ഉപയോഗിക്കാമോ?	Chrome വഴിയാണ് റേറ്റ് എടുക്കുന്നത്, അതുകൊണ്ട് കമ്പ്യൂട്ടർ വേണം. റിപ്പോർട്ട് Gmail draft ആയി എടുത്താൽ ഫോണിൽ വായിക്കാം.
എല്ലാ ദിവസവും ഓട്ടോമാറ്റിക് ആക്കാമോ?	Claude-ൽ ഒരു scheduled task ആയി സെറ്റ് ചെയ്യാം. ആ സമയത്ത് കമ്പ്യൂട്ടർ ഓൺ ആയിരിക്കണം, Chrome-ഉം എക്സ്റ്റൻഷനും ഓൺ ആയിരിക്കണം.
സൗദി / ഖത്തർ റിയാലിന്?	ഇപ്പോൾ AED → INR മാത്രം. മറ്റ് കറൻസികൾ അടുത്ത വേർഷനിൽ.

ഉപകാരപ്പെട്ടെങ്കിൽ ഗൾഫിലുള്ള ഒരാൾക്ക് ഷെയർ ചെയ്യൂ

@shakirc.ai · shakirc.com

ഇത് ഫൈനാൻഷ്യൽ അഡ്വൈസ് അല്ല. റേറ്റുകൾ ഓരോ സർവീസിന്റെയും പബ്ലിക് വെബ്സൈറ്റിൽ നിന്ന് എടുക്കുന്നതാണ്. ഈ ടൂളിന് അവരിൽ ആരുമായും ബന്ധമില്ല. Wise, Western Union, LuLu Exchange, GCC Exchange, Remitly, Al Ansari Exchange എന്നിവ അതത് കമ്പനികളുടെ ട്രേഡ്മാർക്കുകളാണ്.